# വിലാസലതിക

(ഒരു ഭാഷാലഘുകാവ്യം.)

ഗ്രന്ഥകർത്താ:

വള്ളത്തോൾ നാരായണമേനോൻ.

പ്രസാധകൻ:

കെ. വാസുദേവൻ മൂസ്സത്.

(മൂന്നാം പതിപ്പ്)

PRINTERS:

THE MANGALODAYAM CO., LTD.,

TRICHUR.

൧൦൯൭

(പകർപ്പവകാശം ഗ്രന്ഥകർത്താവിന്നുതന്നെ.)

19653 No. 101

ഈ പുസ്തകം തൃശ്ശിവപേരൂർ മംഗളോദയം കമ്പനി
മാനേജരോടാവശ്യപ്പെട്ടാൽ
12 ണ വിലക്കു കിട്ടുന്നതാണ്.

# മുഖവുര.

PUBLIC LIBRARY No. 101 19657

ശൃംഗാരം എന്ന ശബ്ദം കേൾക്കുമ്പോൾ നെററി ചുളിക്കുന്ന ചില പരിഷ്കാരികൾ നമ്മുടെ ഇടയിൽ ഉണ്ട്. ആ ശബ്ദത്തിന്റെ അൎത്ഥത്തെ വളരെ ആഭാസമായ നിലയിൽ മാത്രം അറിയുന്നവരായ അപരിഷ്കൃതന്മാരും വളരെപ്പേരുണ്ട്. ഈ രണ്ടുകൂട്ടരുടേയും തെററിദ്ധാരണയെ ഇല്ലായ്മ ചെയ്ത രസചക്രവൎത്തിയായ ശൃംഗാരത്തിന്റെ യഥാൎത്ഥസ്വരൂപം വെളിവാക്കുന്നതിനാണ് വിലാസലതിക അങ്കുരിച്ചിട്ടുള്ളത്. ഈ ലതിക പരിശുദ്ധമായ സാഹിത്യക്ഷേത്രത്തിൽ പടൎന്നുപിടിച്ച് രസികരസായനമായ മധുരഫലങ്ങളെ നൽകുന്നുണ്ടെന്ന് ഇത്ര വേഗത്തിൽ ഇതിന്നൊരു മൂന്നാം പതിപ്പുവേണ്ടിവന്നു എന്ന ഏകസംഗതികൊണ്ടുതന്നെ വ്യക്തമാകുന്നുണ്ടല്ലൊ.

വിലാസജീവിതമായ ശൃംഗാരം നായികാനായകന്മാരെ ആലംബിച്ചാണല്ലൊ ഇരിക്കുന്നത്. ഇവർ സംയുക്തന്മാരായിരിക്കുമ്പോൾ സംഭോഗശൃംഗാരവും, വിയുക്തന്മാരായിരിക്കുമ്പോൾ വിപ്രലംഭശൃംഗാരവും ഉളവാകുന്നു. ശൃംഗാരത്തിന്റെ ഈ രണ്ടു പ്രധാനവിഭാഗങ്ങളിൽ നായികാനായകന്മാരുടെ ഭേദമനുസരിച്ചു സംഭവിക്കാവുന്ന വിവിധദശാവിശേഷങ്ങൾ ഈ വിലാസല

തികയിലെ ശബ്ദാൎത്ഥചമൽകൃതങ്ങളും ഗുണാലങ്കാരവിശിഷ്ടങ്ങളുമായ ഹൃദ്യപദ്യങ്ങളിൽ മനോഹരമാംവണ്ണം വ്യഞ്ജിക്കുന്നുണ്ടെന്നു, ധ്വന്യധ്വനിനന്മാരായ സഹൃദയ പണ്ഡിതന്മാൎക്ക് അനുഭവവേദ്യമാണ്. ഈ ചെറുകാവ്യം, വാസ്തവത്തിൽ, അലങ്കാരശാസ്ത്രത്തിലെ രസപ്രകരണത്തിന്നു പരിപൂൎണ്ണമായ ഉദാഹരണമാകുന്നു.

അമരുകശതകത്തിന്നും തൽപ്രണേതാവിന്നും സംസ്കൃതസാഹിത്യത്തിൽ ഏതൊരു സ്ഥാനമാണോ കല്പിച്ചിട്ടുള്ളത്, ആ സ്ഥാനം വിലാസലതികയ്ക്കും തൽകൎത്താവിന്നും കേരളസാഹിത്യത്തിലുണ്ടെന്നു നിസ്സംശയം പറയാം. ഉൽകൃഷ്ടമായ ആ സ്ഥാനം എന്നെന്നും നിലനില്ക്കുന്നതുമാണ്. ആ ഉന്നതസ്ഥാനത്തിന്റെ മാന്യതയെ സ്വല്പമായെങ്കിലും ഉൽഗാനം ചെയ്വാൻ അവസരം സിദ്ധിച്ചതിൽ എനിക്കു സീമാതീതമായ അഭിമാനവും സന്തോഷവും ഉണ്ട്.

ഈ പുതിയ പതിപ്പിൽ, ഗഹനപദ്യങ്ങളിൽ ചിലതിന്നു പുതിയ ടിപ്പണികൾ ചേൎത്തു മാത്രമാണ് പ്രധാനമായി ചെയ്തിട്ടുള്ള ഒരു പരിഷ്കാരം.

കെ. വി. എം.

C.K.Kumaran
Kilikollor

# വിലാസലതിക.

(ഒരു ഭാഷാലഘുകാവ്യം.)

കുന്തളാവലി വിയത്തപ്പൂങ്കവിളിൽ മിന്നി-
യും, കുളൂർമ്മുലക്കുടം
ചന്തമോട്ട നടമാടിയും, പൃഥുനിതംബ-
മണ്ഡലമുലഞ്ഞുമേ,
ചെന്തളിർത്തനു തളൎന്നിടും പടി, സലീല-
മദ്രിജ നിജാന്തികേ
പന്തടിപ്പളു, നിടിലാക്ഷനാൎന്ന പുളകം ന-
മുക്കരുളുക മംഗളം. 1

---

ആരരാൽ നിൎമ്മിതനായ് പ്രജാസമുദയ-
ത്തിന്നാത്മഭൂവാ;-രെ നേ-
ക്കാരാധിച്ചുവരുന്നവൎക്കു പരമാ-
നന്ദം കരാഗ്രസ്ഥിതം;
തീരാ വാഴ്ത്തുകിലത്രയുണ്ടു മഹിമാ-
വാൎക്കാ;-രിലാദ്യാത്മജെ-

ല്ലാരാലും കഥിതം; ജയിയ്ക്കൂ ചിരമാ-
ശൃംഗാരനാരായണൻ. 2

ഒരു യുവാവ് ഒരു സ്ത്രീയെ കാണുന്നു:—

ലാവണ്യക്കടലിൽക്കളങ്കമിയലാ-
തുണ്ടായ വാർതിങ്കളോ,
പൂവമ്പന്റെ പുകഴ്ക്കുകാട്ടി വിലസും
പുത്തൻകൊടിക്കൂറയോ,
ദൈവത്തിന്റെ വിചിത്രസൃഷ്ടിവിരുതോ,
ശൃംഗാരസൂക്തോന്മിഷൽ-
കൈവല്യപ്പൊരുളോ, നമുക്കെതിരിലി-
ക്കാണാകുമേണാക്ഷിയാൾ? 3

പ്രൌഢയായ നായികയുടെ അരികിൽ, നേരം വൈകിച്ചെന്ന നായകൻ. തനിയ്ക്കുണ്ടായ അനുഭവത്തെ നർമ്മസചിവനോടു പറയുന്നു:—

മാരൻ വിട്ട ശരം കണക്കതിജവാൽ
ഞാനങ്ങു ചെന്നെത്തവേ,
നേരം ചെററു കവിഞ്ഞതെററിനിവനെ-
പ്പൊങ്കാപ്പണിക്കൈകളാൽ
സ്വൈരം കെട്ടിവരിഞ്ഞു നിർത്തി വികസ-
ദ്രോമാഞ്ചമാം നെഞ്ചിലാ

2-ശൃംഗാരത്തിന്റെ ദേവതയും വിഷ്ണുവാകുന്നു.

നീരന്ധ്രോച്ചകുചങ്ങളാൽച്ചിരതരം
മർദ്ദിച്ചു മുദാലിംഗിയാലും. 4

---

നായകന്റെ വാക്ക്. നായിക മുഗ്ദ്ധ:—

മങ്കത്തയ്യിനെ, മഞ്ജുവാക്കുകൾ പറ-
ഞ്ഞൊട്ടൊട്ടടുപ്പിച്ചു ഞാൻ
തങ്കപ്പട്ടുറവുക്കതൻ നടുവിലായ്-
കയ്യൊന്നു വെച്ചീടവേ,
തങ്കൽത്തീപ്പൊരി വീണ പോലെ തരസാ
തട്ടിപ്പിടഞ്ഞു, ച്ചലൽ-
കൊങ്കച്ചെപ്പുകൾ മെത്തമേലമരുമാ-
റാക്കിക്കിടന്നാളവൾ. 5

---

സപത്നിയുടെ അടുക്കൽ രാത്രി കഴിച്ചു പ്രഭാതത്തിൽ സമാഗതനായ നായകനെ, പ്രൗഢയായ നായിക, ഈർഷ്യാദികാലുഷ്യത്തെ മറച്ചു മന്ദോൽഘാടനം ചെയ്തുകൊണ്ടു സ്തുതിവ്യാജേന നിന്ദിക്കുന്നു:—

മീനാങ്കോപമ! കൺകലക്കമിവിടെ-
ക്കൊട്ടല്ലുറങ്ങായ്കയാൽ;
ഗ്ലാനാപാണ്ഡുരമായ്ച്ചമഞ്ഞിതു മണം
വീശുന്ന പൂമേനിയും;
ഞാനായിന്നലെ രാത്രി മാത്രമയി, ഹാ!
വേർപെട്ടതിൻമൂലമി-

ദൂനാവസ്ഥയിലായ്ഭവാൻ; മയി തവ
സ്നേഹം മഹത്തെത്രയും! 6

രാത്രിയിൽ, ഈൎഷ്യാകോപം നിമിത്തം പ്രത്യാഖ്യാതനായ നായകന്റെ സമാഗമം പിന്നെ സ്വപ്നത്തിൽ അനുഭവിച്ച നായികയുടെ രാവിലത്തെ സ്ഥിതി കവി വൎണ്ണിക്കുന്നു:—

‘എങ്കൽ, പ്രാണപതേ, കനിഞ്ഞരുളുകെൻ-
കുററം പൊറുത്തെ’ന്നു,ഷ-
സ്സിങ്കൽത്തങ്ങളിൽ നോക്കി നിന്നു സഖിമാ-
രാത്തസ്മിതം കേൾക്കവേ,
തങ്കക്കൂട്ടിലിരുന്നു തത്ത തെളിവായ്-
ച്ചൊല്ലുംവിധൌ ലജ്ജയാൽ
തങ്കൽത്തന്നെ ലയിച്ചുപോയ് തരളയാം
തണ്ടാർമിഴിത്തയ്യലാൾ. 7

പ്രോഷിതഭൎത്തൃകയായ നായികയുടെ വസന്തകാലവൎദ്ധിതമായ വിരഹതാപത്തെ കണ്ടിട്ട്, അപായശങ്കിനിയായ സഖി, അവളുടെ ഒരു സ്നേഹിതയോടു പറയുന്നു:—

കാലം കോകിലകാകളീകളകളം
ചിന്തും വസന്തം; ലസ-
ന്മാലത്ത്യാദിമണം ചുമന്നു പെരുമാ-
റീടുന്നു മന്ദാനിലൻ;
നീലത്താർമിഴി കോകിതൻ നിലയിലാ-
ണി;-ന്നോളവും വന്നുചേ-

ന്നീലദ്ദേഹഃ-മനംഗദേവനൊരുവൻ
കണ്ടു കലാശം സഖേ! 8

---

പ്രണയകലഹിതയായ നായികയെ നായകൻ അനുനയിപ്പിക്കുന്നു:—

സദ്വർണ്ണാഞ്ചിതശയ്യ്യചേന്ന്,ഴകെഴം
ഭാവപ്രഭാവത്തൊടും,
മൃദ്വാംഗാനുഗുണപ്രയുക്തവിവിധാ-
ലങ്കാരസമ്പത്തൊടും,
വിദ്വല്ലാളിതകാളിദാസകവിത-
യ്യൊപ്പം വിളങ്ങുന്ന നീ
മദ്വക്ഷോമണിമാലികേ, കിമപി കൈ-
ക്കൊൾക പ്രസാദത്തെയും. 9

---

മിക്കപേരും ഉത്സവം കാണ്മാൻ പോയിരിക്കുന്ന ലാക്കിൽ പ്രിയയെ കാണ്മാൻ ചെന്ന കാമുകൻ. 'അങ്ങെന്തേ ഉത്സവത്തിനു പോകാഞ്ഞത്' എന്ന് അവൾ ചോദിച്ചതിനു മറുവടി പറയുന്നു:--

കാലോന്മാഥിനികേതനത്തിലധുനാ
മാമൂലിനൊത്തപ്പെട്ടും
ലീലോദാരമഹോത്സവം സരസമായ്-
കാണട്ടെ നാനാജനം;
ആലോലാളകമീ മുഖം മിഴികളെ-
ക്കൊണ്ടാസ്വദിക്കുന്നതാ-

ണീ, ലോകത്തിലെനിയ്ക്കു, മാന്യദയിതേ,
മംഗല്യത്തുംഗോത്സവം! 10

---

കവിവാക്യം സ്പഷ്ടം:—

'ആരോ വിട്ടൊരു 'ചുട്ട' കത്തിതു ദൃഢം!
ചൂടുള്ളതല്ലെങ്കിൽ നിൻ
താരോടൊത്ത കരാബ്ജയത്തിനിതെട-
ത്തപ്പോൾ വിയർപ്പോലുമോ?'
ആരോമൽക്കണവൻെറ കാമലിഖിതം
നോക്കിസ്സുഖിയ്ക്കുന്ന വാ-
റോ,രോന്നേവമുരച്ചു തോഴി കളിയാ-
ക്കുന്നു കയൽക്കണ്ണിയെ. 11

---

നായകൻ യാത്രോദ്യുക്തനായിരിയ്ക്കുമ്പോൾ ഒരു നവോഢയായ നായികയുടെ സ്ഥിതി:—

ക്ഷീണാപാണ്ഡുകപോലമാം മുഖവുമായ്,-
ത്തന്മന്ദിരത്താഴ്വര-
ത്തൂണാലൊട്ടു മറഞ്ഞു നിന്നു, നെടുതാം
വീർപ്പിട്ടുകൊണ്ടങ്ങിനെ,
'കാണാം താമസിയാതെ'യെന്നൊരുവിധം
ബന്ധുക്കളോടോതിടും
പ്രാണാധീശനെയശ്രുപൂർണ്ണമിഴിയാൽ
നോക്കുന്നു മുഗ്ദ്ധാങ്ഗിയാൾ. 12

തന്റെ ബാല്യസുഹൃത്തും പ്രേമഭാജനവുമായ യുവാവിന്റെ സമാഗമം ലഭിയ്ക്കായ്കയാൽ അത്യുൽക്കണ്ഠിതയായിത്തീൎന്നിരിക്കുന്ന ഒരു യുവതി സഖിയോടു പറയുന്നു:—

കുട്ടിക്കാലമതെത്ര തുഷ്ടികരം! മ-
ന്നദ്ദേഹമെന്നോടു ചേർ-
പെട്ടിട്ടുള്ള ദിനം ചുരുങ്ങു;മൊരുമി-
ച്ചല്ലാതെയില്ലൊന്നുമേ;
കിട്ടില്ലൊട്ടിട,യിപ്പൊഴാസ്സുഭഗനെ-
ക്കാണാനുമെന്നായി; പാ-
ൎത്തിട്ടിൽദ്ദുസ്ഥിതിഹേതുവിങ്ങു ഹതമാ-
മീ യൌവനം താനഹോ! 18

---

സഖി ഉപദേശിച്ചിരുന്ന പ്രകാരം ഈൎഷ്യാകോപത്തെ അവലംബിച്ച നായിക, ഭൎത്താവിന്റെ അനുനയത്തിനു താൻ ക്ഷണേന വഴിപ്പെട്ടുപോയതിൽ കുപിതയായിത്തീൎന്നു സഖിയെ പ്രസാദിപ്പിയ്ക്കുന്നു:—

‘തങ്കത്താർമുഖമഞ്ജുസാ, തവ തുട-
ത്തല്ലോ; പ്രവാളാധര-
ത്തിങ്കൽച്ചേൎന്നു ലസിച്ചിടട്ടെയിനിയാ-
പ്പീതതപ!’മെന്നിങ്ങിനെ,

---

14. പീതതപം=മഞ്ഞനിറമുള്ളത് എന്ന അവസ്ഥ; പാനം ചെയ്യപ്പെട്ടത് എന്ന അവസ്ഥ എന്നും.

സങ്കല്പസ്ഥിതി തെററുമാറിവളൊടാ-
കല്ല്യൻ കഥിക്കുന്നവാ-
റെ,ങ്കൽ,ത്തോഴി, ചൊടിയ്ക്കൊലാ! ചിരിയട-
ക്കീടാൻ കഴിഞ്ഞില്ല മേ. 14

---

ദൃഷ്ടപൂർവ്വയായ നർത്തകിയിൽ അഭിനിവേശം ജനിച്ച യുവാവ് അവളെപ്പററി തോഴനോടു പറയുന്നു:—

സ്വേദം ചിന്നി, ഹിമാംബു വീണ പനിനീർ-
പ്പൂവൊത്ത വക്ത്രത്തിനാൽ
നാദബ്രഹ്മരസാനുഭൂതി സഭിക-
ക്കേകിസ്സലീലം, സഖേ,
ഖേദം വീണ്ടുമരസ്സിയററിയ കുച-
പ്പൊൻചെപ്പുലച്ചി,പ്പൊഴും
വൈദഗ്ദ്ധ്യത്തൊടു ചെയ്വതുണ്ടു നടമെൻ-
ചിത്തത്തിലത്തന്വിയാൾ! 15

---

വസന്തത്തിൽ ഉൽക്കടദശയെ പ്രാപിച്ചിരിക്കുന്ന വിരഹവേദന നിമിത്തം മരണാഭിലാഷിണിയായ നായിക സഖിയോടു പറയുന്നു.—

പൂവർഷം തുടരുന്നു മന്ദപവനൻ;
പാടുന്നു പുംസ്കോകിലം;
ഭൂവമ്പെപ്പടരുന്നു ഭൃംഗപടലീ-
ഝങ്കാരവാദ്യാരവം;

ഏവം മൃത്യുമഹോത്സവം മമ സമാ-
രംഭിയ്ക്കു,യെന്താണു തൻ
ഭാവം മാറി വിഷാദമേറി വിഷമി-
ച്ചീടുന്നതെൻതോഴി നീ? 16

---

പ്രായസ്ഥിതിയനുസരിച്ചു ബാല്യത്തിലുണ്ടായിരുന്ന നിത്യസഹവാസാദികളെ ഉപേക്ഷിയ്ക്കേണ്ടിവന്ന അനുരക്തനായ യുവാവു, തങ്കൽ സ്നേഹഭംഗത്തെ ശങ്കിക്കുന്ന പ്രണയിനിയോടു ദൂതീമുഖേന പറയുന്നു:—

ആ വിദ്യാൎത്ഥികളല്ല നമ്മളിതുനാ-
ളെ;ങ്ങിന്നിമേലാസ്സുഖം?
ഹാ! വിശ്വാസവിഭംഗമത്രഭവതി-
ക്കെൻപേരിലുണ്ടാകൊലാ!
ഭുവിൽദ്ദൂഷണശീലരേറു;മവരെ-
ക്കുന്നിയ്ക്കു കൂസാതെ മേ
ജീവിപ്പാനിഹ, ജീവിതേശ്വരി! ഭവ-
ച്ചിത്രം വശത്തില്ലയോ? 17

---

പ്രിയതമനെ കൂട്ടിക്കൊണ്ടുവരുവാൻ അയയ്ക്കപ്പെട്ടിട്ട്, അവളുമായി സ്വയം രമിച്ചുതിരിയെ വന്ന സഖിയോടു നായികയുടെ വക്രോക്തി:—

പങ്കാശ്മാദിപരീതമാകിയ വഴി-
സ്സിള്ളരിരുട്ടത്തു, നീ

കൺകാണാഞ്ഞു കമിഴ്ന്നുവീണ, ധരമ-
ദ്ധ്യേയ്യോ! മുറിപ്പെട്ടുപോയ്;
തങ്കാഗ്ഗ്യത്തിനു, നിന്നെയാക്കിതവനെ-
ക്കാണ്മാനയച്ചീട്ടുശാ-
തങ്കാപ്തിക്കിടയാക്കി ഞാൻ; സഖി, മമ
സ്വാൎത്ഥസ്പൃഹസ്സായ്ത്തൊഴാം. 18

---

ഒരു ആൾത്തിരക്കുള്ള ക്ഷേത്രത്തിൽവെച്ചു കാമുകനെ കൂടക്കൂടെ കടാക്ഷിക്കുന്ന നായികയോടു വിദഗ്ദ്ധയായ സഖി ചോദിക്കുന്നു:—

ഹേ മൽത്തോഴി, വിലക്ഷതാവിലസിതം
കൊണ്ടൊട്ടു കൂമ്പി, സ്മരൽ-
പ്രേമത്താൽ വികസിച്ചു, മന്മഥരസ-
ത്തേറൽക്കലൎന്നുള്ളതായ്,
ത്തുമന്ദസ്മിതമായ പാലിൽ മുഴുകി-
ച്ചോരീയപാംഗോൽപല-
സ്തോമത്താൽ സ്വയമേതൊരീശ്വരനെയാ-
ണൎച്ചിപ്പതിത്തവ്വിൽ നീ? 19

---

തന്റെ പ്രാൎത്ഥനകളെ നിരസിക്കുന്ന ഒരു വീണവായനക്കാരിയോട്, അവളിൽ അത്യന്താഭിനിവിഷ്ടനായ യുവാവിന്റെ ആവലാതി:—

ചെന്നാളീകദളത്തിനൊത്തു വിലസും
കണ്ണിങ്ങണസ്സൂരതെ താ-
നൊന്നായ്'കമ്പിപിണച്ചിതി'യ്യൊരു മരം
പോലായ മത്ത്യകൽ നീ!
എന്നാലീദൃശവല്ലകീരസികയാം
നിന്നന്തികേ 'വീണ'ഞാൻ
നന്നായ്ച്ചെയ്യൊരു രാഗവിസ്തൃതി രസി-
ച്ചീടാത്തതെന്താണതേ? 20

—

ചിരോൽക്കണ്ഠിതന്മാരായി, ഒരിക്കൽ യദൃച്ഛയാ ഒരു വിജനപ്രദേശത്തുവെച്ചു തമ്മിൽ കണ്ടുമുട്ടിയ യുവാക്കളിൽ, പുരുഷൻ ലജ്ജാവതിയായ പ്രിയയോടു പറയുന്നു:—

ജീവപ്രേയസി, പോരുമിങ്ങഭിമത-
പ്രത്യർഥിയാമീ ത്രപാ-
വൈവശ്യം;; ദ്രുതമൊന്നുയർത്തുക സുധാ-
സാരാധാരം നിന്മുഖം!
ദൈവം മുറ്റുമനുഗ്രഹിച്ചരുളിയോ-
രിസ്സന്മുഹൂർത്തത്തെ നാ-
മേവം നിഷ്ഫലമാക്കിയാല, തവിടെ-
സ്സൂക്ഷ്മോ! സഹിച്ചീടുമോ? 21

—

പ്രിയയുമായിപ്പിരിഞ്ഞു, കച്ചവടത്തിനായി അന്യരാജ്യത്തേയ്ക്കു പോകാൻ തുടങ്ങുന്ന നായകന്റെ ആത്മഗതം:—

നീരന്ധ്രാളകമിന്ദ്രനീല;-മമലം
പല്ലൊക്കെ മുത്തു:-ൽസ്മിതം
ഹീരം; മൽപ്രിയതന്റെ ചുണ്ടു പവിഴം;
പൂമേനി ഗോമേദകം;
ആ രത്നങ്ങളാം വശത്തിലുള്ളിവനി,താ,
സ്വല്പം ധനം നേടുവാൻ
ദൂരത്തേയ്ക്കു ഗമിക്കയാണു: കഠിനം
നിൻപ്രാഭവം ലോഭമേ! 22

———

നിപുണയായ നായിക സഖീമദ്ധ്യത്തിൽ വെച്ചു കാമുകനു സമാഗമാവസരത്തെ ഗൂഢമായി മനസ്സിലാക്കിക്കൊടുക്കുന്നു.—

കാന്തൻ സന്നിധി പൂകവൊരൊരൊളികൺ-
കോണേറിനാൽ സ്വാഗതം
സാന്ദ്രസ്സുസ്മിത, മാളിമാക്കിടയിൽവെ-
ച്ചോതിസ്സരോജാക്ഷിയാൾ
കുന്തൽക്കെട്ടിനു മേലണിഞ്ഞ പനിനീർ-
പ്പുഷ്പത്തെയുൽക്ഷിപ്തഥ-

---

23. കറുത്ത ആകാശത്തിൽ അന്തിച്ചുകപ്പു തീരെ മാഞ്ഞുപോയ ഉടനേ എത്തിക്കൊൾക എന്നു ഹൃദയം.

സ്വാന്തത്താൽ സ്വയമുള്ളിലേയ്ക്കു തിരുകി
കാണാതെയാക്കീടിനാൾ. 23

---

ക്രമേണ മുഗ്ദ്ധാവസ്ഥയിൽനിന്നു മോചനം കിട്ടിത്തുടങ്ങിയ ഒരു നവോഢയുടെ ലീലാഗൃഹവ്യാപാരത്തെ കവി വർണ്ണിയ്ക്കുന്നു—

ഏണപ്പെൺമിഴിയോടടുത്തു കണവൻ
കൈ തോളിൽ വെച്ചപ്പൊം,'ഴെ-
ന്താണങ്ങേയ്ക്കധുനാ വിയപ്പ്ത?-യി, ഞാൻ
വീശാം കുറച്ചെ'ന്നുടൻ,
നാണം ഹന്ത! പൊറാഞ്ഞയാൽ വിശറിയോ-
ന്നപ്പൊന്മണീകങ്കണ-
ക്വാണം പൂണ്ട കരത്തിലേന്തി,യതിനാൽ
ദീപം കെടുത്താളവൾ. 24

---

ഒരു യുവാവു, തനിയ്ക്കു ദുർല്ലഭയെന്നപോലിരിയ്ക്കുന്ന സുന്ദരിയുടെ അടുക്കൽ, തന്റെ അഭിനിവേശത്തെ അന്യാപദേശരീത്യാ വെളിപ്പെടുത്തുന്നു—

പച്ചപ്പട്ടും തൊഴും നിൻമൃദുലതനു തലോ-
ടുന്നു; തന്നങ്കഭാഗേ
വെച്ചംഭോജാക്ഷി വെള്ളിത്തളികയിലെ നറും-
പാലെടുത്തേകിടുന്നു;

നൽച്ചന്തം ചേർന്ന നന്മോക്തികളിടയിലുര-
യ്ക്കുന്നു; മുൻജന്മമെന്തോ
മെച്ചം പൂണ്ടുള്ള പുണ്യം, ശുകതരുണ, ഭവാൻ
ചെയ്തിരിക്കുന്നു നൂനം! 25

— —

ജാഗരക്ലിഷ്ടനായ വിരഹിയുടെ അപേക്ഷ--

സന്താപോഷ്മളവീർപ്പുകൊണ്ടു മൃദുവാം
ചുണ്ടാകെ വാടി, കര-
ച്ചെന്താരിൽപ്പതിയും വിളത്ത കവിളിൽ-
ക്കണ്ണീരൊലിപ്പാടുമായ്,
ചിന്താക്രാന്തി വെളിപ്പെടുത്തി വിലസും
തന്വീമുഖാബ്ജത്തെ ഞാൻ
ഹന്താനന്ദമൊടൊന്നു കാണുവതിനെൻ-
നിദ്രേ, പ്രസാദിക്കു നീ! 26

— —

വളരെ ദിവസങ്ങൾകൊണ്ടു ദൂരദിക്കിൽനിന്നു തിരിച്ചെത്തിയ നായകൻെറ അടുക്കൽച്ചെന്നു നായികയുടെ താൽക്കാലികാവസ്ഥയെ തോഴി അറിയിക്കുന്നു.—

ഹേ പത്മാക്ഷ, ഭവാൻ വരാഞ്ഞിതുവരെ
ക്ലേശിച്ച സാധ്വിക്കു സ-
ന്താപപ്പെട്ടു പുലർത്തിടേണമിനിയും
മൂവ്വാണ്ടു മുന്നാളിനാൽ!

ആപത്തിന്നു കടന്നു, വൃത്രമഥനൻ-
തൻ ബ്രഹ്മഹത്യാമഹാ-
പാപത്തിൽബ്ഭൃത, പങ്കംകൊണ്ടു പഴതേ
പണ്ടത്തെ മുത്തശ്ശിമാർ!! 27

— —

തന്റെ യഥാർത്ഥാനുരാഗത്തിനു പാത്രീഭൂതനും, ദൈവേച്ഛയാൽ മറെറാരു സ്ത്രീയുടെ ഭർത്താവായി വിദേശത്തു താമസിക്കുന്നവനുമായ യുവാവിനെക്കുറിച്ച് ഉൽക്കണ്ഠിതയായ ഒരു മനസ്വിനി തന്നെത്താൻ പറയുന്നു.—

നേരററാത്മമഹാഗുണങ്ങളാം വെളിവിൽ-
കാട്ടുന്ന കണ്ണാടിയാ-
മാ രമ്യാസ്യമഗമ്യമായ് വരികയാൽ-
പ്പാഴായൊരെൻനേത്രമേ,
സ്ത്രീരത്നോത്തമധന്യയാം പ്രിയയുമായ്-
സ്സൗഖ്യത്തോടും മേവുമാ-
ധീരൻതൻ ചരിതാമൃതം നുകരുമി-
ക്കണ്ണത്തെ വന്ദിക്കു നീ! 28

— —

27. ഇന്ദ്രന്റെ ബ്രഹ്മ(വൃത്ര)ഹത്യാപാപം നാലായി വിഭജിക്കപ്പെട്ടതിൽ, ഒരംശമാണ് സ്ത്രീകളിൽ ആർത്തവരൂപേണ വർത്തിക്കുന്നത് എന്നു പൌരാണികമതം.

ഈൎഷ്യാകോപവികാരങ്ങളെക്കണ്ടിട്ടു, താൻ നിരപരാധനെന്ന നാട്യത്തിൽ കാരണം ചോദിക്കുന്ന നായകനോടു ഖണ്ഡിതയായ നായികയുടെ വക്രോക്തി.—

ആയാസം തവ സംഭവിക്കിൽ, നെടുവീ-
ൎപ്പെമ്മട്ടു വാക്കില്ലെനി-
ക്കീ?-യാരക്തതയെന്മിഴിക്കൂണയുവാൻ
മൂലം ഭവജ്ജാഗരം;
ശ്രീയാളും മഷി നിന്മുഖേ പതികയാ-
ലെൻവക്ത്രവും ശ്യാമമായ്;
പ്രേയാനങ്ങു മറന്നിതോ കഥകൾ? നാം
രണ്ടാളുമൊന്നല്ലയോ! 29

——

ലീലാലാലസമാരായ ദമ്പതിമാരുടെ മധുപാനം.--

സൌരഭ്യം ചിതറും പടിക്കു ചെറുതാം
പൊൻഭാജനത്തിൽപ്പക-
ൎന്നാ,രക്താശയയാം സുധാധരിയെ മു-
ല്ലാടാസ്വാദിപ്പിച്ചു താൻ
പാരം മാധുരി കൈവളൎത്ത മധുവാൽ
പഞ്ചായുധായോധന-
പ്രാരംഭോചിതവീരപാനമിരവിൽ-
ച്ചെയ്യുന്നു ധന്യൻ പ്രിയൻ. 30

——

29. നയനചുംബനമാണ് മുഖത്തെ മഷിക്കു കാരണം.

വിയോഗതാപത്തിന്റെ അത്യുൽക്കടദശയെ പ്രാപിച്ചിരിക്കുന്ന കാമുകി ശീതോപചാരനിരതമാരായ സഖികളോടു പറയുന്നു:—

ഹൃദ്ദേശം ചുട്ടുമുൾഗ്ഗദം പുറമതു-
ന്നാലേ ശമിച്ചേക്കുമെ-
ന്നുദ്ദേശിച്ചി,ഹ പാഴ്വേലയിനിയും
ചെയ്യാതെ,യെൻതോഴിമാർ
മദ്ദേഹം വിടുവാൻ കിടന്നുഴറുമീ-
പ്രാണന്നി,തിൻനാഥനാ-
മദ്ദേഹം ദയ ചെയ്തുതന്നെയരുളാ-
നായ്ച്ചെന്നപേക്ഷിക്കുവിൻ! 31

——

പ്രണയകലഹിതയായ നായികയോടു നായകന്റെ അനുനയോക്തി:—

ഓമൽച്ചെഞ്ചൊടി മുന്തിരിങ്ങ; മൃദുവാം
കൈത്തണ്ടു പൂവൻപഴം;
ശ്യാമഭ്രൂവലരമ്പവില്ലു;-രസിജം
ചെന്തെങ്ങിളന്നീരു താൻ;
ഈമട്ടൊക്കയുമൊന്നുപോലെ മധുരം
നിന്നംഗ:-മിന്നെന്തുവാൻ.

ഹാ! മധുരിച്ചുണ്ണി, കഷായമായി പഴം
പോലേ തവാക്കിടപയം? 32

— —

ഈൎഷ്യാകോപം നിമിത്തം പ്രത്യാഖ്യാതനായ നായകനു, പശ്ചാത്താപാൎത്തയായ നായികയുടെ കത്തു കൊണ്ടുകൊടുത്ത ദൂതി, അവളുടെ ചങ്ങാതിയോടു പറയുന്നു.—

തീരാതുള്ളനുതാപമാൎന്നു,ണിവിയ-
പ്പോടും വിറയ്ക്കുന്ന കൈ-
ത്താരാൽത്തനവി കുറിച്ചു തന്ന വിവര-
ക്കത്തിൽപ്പുലേടത്തിലും,
ആ രാഗം ചിതറീടുമക്ഷരഗണം
വിസ്പഷ്ടമാകായ്കിലും,
സാരാൎത്ഥഗ്രഹണത്തിനാസ്സുരസനു-
ണ്ടായീലൊരായാസവും. 33

— —

തന്റെ മുഗ്ദ്ധാവസ്ഥ നീങ്ങിയിട്ടു് ഏറെനാൾ കഴിയുന്നതിനു മുമ്പെ പ്രിയവിയോഗം അനുഭവിപ്പാൻ ഇടവന്ന നായിക തന്നെ ത്താൻ ആവലാതിപ്പെടുന്നു:—

പ്രേയാനോടരിയാടുകില്ല; പുണരാൻ
നീട്ടുന്ന കൈ തട്ടു;-മെ-

---

32. കഷായം=രക്തവൎണ്ണം; ചവൎപ്പുരസമുള്ളതു് എന്നും. പഴത്തിന്റെയും രസം ചവൎപ്പാണു്.

ന്തായാലും മുഖമൊന്നുയർത്തുകയുമി-
    ല്ലീ;-മട്ടു ലജ്ജാവശാൽ,
പോയാൽപ്പിന്നെ വരാത്ത നാളുകളെയ-
    ന്നൊട്ടല്ല പാഴാക്കി ഞാ-
നീ; യാദൃച്ഛികവിപ്രയോഗരുജയാ-
    ദ്ദുശ്ചേഷ്ടിതത്തിൻ ഫലം! 34

— —

പ്രിയതമാസമാഗമത്താൽ ഹർഷിതചിത്തവൃത്തിയായ നായകന്റെ വിചാരം.—

സുതാരുണ്യം ചേരും പ്രണയവതിയാം
    പ്രൌഢമടവാർ;
വിതാനസ്രഗ്ഗന്ധോല്ലസന്നവപരിമളം
    കേളിസദനം;
കൃതാനംഗോന്മേഷം മധുരമധു; കൂ-
    റുള്ള സഖിമാ-
രി;-താണോമൽ സ്വർഗ്ഗം ജഗതി; വെറുതേ
    ചൊൽവതിതരം! 85

— —

ഉൽക്കണ്ഠാതിരേകം നിമിത്തം കാമുകാനാഗമനത്തെ ശങ്കിച്ചു സന്തപിക്കുന്ന നായികയെ സഖി സമാധാനപ്പെടുത്തുന്നു.—

നന്നായ്മാഞ്ഞീല സന്ധ്യാരുചി; നവശശിയും
പോയ് മറഞ്ഞീല;-തിൻമു-
മ്പിന്നാനംനിഷ്ടശങ്കക്കനുപദമടിപെ-
ട്ടാകലം കൊൾകൊലാ നീ;
കന്നാലോചിക്കൂ: ബാലേ, തവ തരുണിമയെ-
ന്നാസ്വദിപ്പാൻ തരം കൈ-
വന്നാലും തട്ടുവാ,നത്രയുമരസികനാ-
ണെങ്കിലെന്തിന്നവൻ തേ? 36

———

കവിവാക്യം, സ്പഷ്ടം.—

ദൂരോൽക്കണ്ഠിതനാം പ്രിയൻ മണിയറ-
യ്ക്കുള്ളിൽക്കടന്നപ്പൊഴെ-
യ്ക്കോ,രോ ഹേതു പറഞ്ഞൊഴിഞ്ഞു സഖിമാ-
രെല്ലാം പുറത്തേയ്ക്കു പോയ്;
ഹാ! രോധിച്ചിതു ലജ്ജയെന്നൊരുവൾ താൻ
മാറാതെ നിന്നാ,ളവ-
നാരോമൽത്തനുഗാത്രിതൻ തനു പുണ-
ർന്നുണ്ടാം സുഖത്തെച്ചിരം. 37

———

ചിരസമാഗതനായ പ്രിയതമനുമായി രമിച്ചിട്ടു തൃപ്തിവരാത്ത നായിക, തന്റെ അന്തരംഗസഖിയോടു പറയുന്നു.—

വന്നിട്ടെന്നാറ പൂക്കു സന്ധ്യകഴിയു-
മ്പോഴെഴുന്നുമദ്ദേഹം;-മെ-
ന്തെന്നില്ലാതഥ സല്ലപിച്ചു സമയം
പോക്കീല നൽത്തോഴിമാർ,
എന്നിട്ടും ഫലമെന്തു? രാവിതുവരെ-
ക്കോരോ യുഗം പോലെയായ്
നിന്നിട്ടി,ന്നലെയാശു കാൽനിമിഷമായ്-
ത്തീർന്നെന്നെ വഞ്ചിച്ചതേ! 38

—

ധൂർത്തനായ നായകൻ അനുനയിപ്പിക്കുവാൻ ഒരുമ്പെടായ്കയാൽ, മാനവതിയായ നായികക്കു നേരിട്ട ദുരവസ്ഥയെ കവി പറയുന്നു.—

വൻകള്ളത്തൊഴിലൊന്നുറച്ചു കിതവൻ
പ്രേയാനുദാസീനനായ്;
മങ്കപ്പൂണ്ടിഹ കഷ്ടമെങ്ങിനെ കലാ-
ശിപ്പിക്കുമീർഷ്യാവ്രതം?
കൊങ്കപ്പട്ടു വെറുംനിലത്തഥ വിരി-
ച്ചാദ്ദർഭയിൽപ്പോലതിൽ-
ത്തങ്കക്കയ്യു തലക്കു വെച്ചു, 'ശതകം
ചൊല്ലി'ശ്ശയിച്ചാളവൾ! 39

—

തന്റെ ചിരാനുരാഗത്തിന്നു വിഷയമായ യുവതിയുടെ ഗൃഹത്തിൽ സംഗതിവശാൽ ഒരു ദിവസം അതിഥിയായി താമസിച്ച കാമുകൻ സ്വാനുഭവത്തെ തോഴനോടു പറയുന്നു.—

'എല്ലാപേരുമുറക്കമാണിവിടെ;-യ-
ങ്ങെന്താണു വായിപ്പതെ?'-
നല്ലാസിസ്മിതവാങ്മധൂളി വിതറി
ക്കൊണ്ടു,ച്ചനേരത്തു,വൾ
നല്ലാ നിർജ്ജനമേടമേൽക്കയറിവ-
ന്നെന്നുന്നിൽ നിന്നാൾ ചിരം;
വല്ലായ്മയ്ക്കൊരു ഗൌരവച്യുതിഭയം
ബാധിച്ചിതെന്നെത്തദാ! 40

ഒരഭിസാരികയുടെ യാത്രയെ കവി വർണ്ണിക്കുന്നു.—

നേരിട്ടിപ്പാതിരാവിൽ പ്രിയനുടെയരിക-
ത്തെയ്ക്കു താനേ ഗമിക്കും
നാരിക്കെത്തുന്നു ഞെട്ടുന്നിടി മുരജരവം;
മിന്നൽ പൊന്നിൻപ്രദീപം;
ഭൂരിധ്വാന്തം മിഴിക്കൂഞ്ജനു;- മഹഹ! മഴ-
ച്ചാറലോ പുഷ്പവർഷം;
പാരികൽദുഃഖസൌഖ്യാദികളവരവർതൻ
തോന്നലാൽ മാത്രമത്രേ. 41

വീണവായന മതിയാക്കട്ടെയോ എന്നു ചോദിക്കുന്ന പ്രിയതമയോടു സരസനായ നായകന്റെ മറുവടി.—

വീണക്കമ്പികൾ മീട്ടി, നിൻ കരവിരൽ
ക്കെല്ലാമിരട്ടിച്ചുമി–
ശ്ശോണത്വം ബത! കണ്ടു, 'ഗാനമുടനേ
നിർത്തേണ'മെന്നക്ഷിയും,
'വേണം തെല്ലിട കൂടി'യെന്നു ദുരകൊ–
ണ്ടെൻകർണ്ണവും തങ്ങളിൽ,
പ്രാണപ്രേയസി, തർക്കമാണി;–വിടെ ഞാൻ
മദ്ധ്യസ്ഥതയ്ക്കക്ഷമൻ! 42

— —

ഒരു യുവാവിനോട്, ആയാളിൽ അഭിനിവിഷ്ടയായ നായികയുടെ മനസ്സംഗാതിശയത്തെ ദൂതി പറയുന്നു.—

താൻ താൻ തീർത്ത ഭവൽപ്രതിച്ഛദപടം
പാർത്തേകയായ് വാഴ്കവേ,
കാന്താകാര! പൊടുന്നനെ സ്വനികടേ
കാണായ മാതാവൊടായ്,
സ്വാന്താകമ്പമമർത്തി, 'തിൻപണി കഴി–
ഞ്ഞിട്ടില്ല; കൈരണ്ടിലും
മാന്താരമ്പു, കരിമ്പുവില്ലിവയിനി–
ച്ചേർക്കേണ'മെന്നാളവൾ. 43

സഖികളാൽ മാനവതിയാക്കി ചെയ്യപ്പെട്ട പ്രഗത്ഭനായികയുടെ അവസ്ഥാവിശേഷത്തെക്കണ്ടിട്ട് ഇതികർത്തവ്യതാമൂഢനായ നായകൻ വിചാരിക്കുന്നു.—

ശരദുഡുപനെക്കാളും സൌമ്യം മന-
സ്വിനിതൻമുഖം;
പരമുപചരിക്കുന്നു തൻദാസനെ-
പ്പലപാടിവൾ;
ചരണപതനംകൊണ്ടും പാററാ പ്രസാ-
ദനമിങ്ങു; ഹാ!
വരസഖികൾതൻനേരംപോക്കെന്തവ-
സ്ഥയിലാക്കി മാം!! 44

—

പ്രിയതമയുടെ അടുക്കലെക്കു കാമലേഖനത്തോടുകൂടി അയക്കപ്പെട്ടിരുന്ന തോഴർ തിരിച്ചെത്തി കാമുകനോടു പറയുന്നു...

നിൻതന്വീമണിതൻ നിരൂഢപുളക-
ശ്രീയാം കപോലത്തിലും
ചെന്തണ്ടാരിതൾ തോററ വായ്മലരിലും,
വാർകൊങ്കമൊട്ടിങ്കലും,
ചന്തത്തോടടുത്തു, സൌമ്യ, ചേർന്നു പെരുമാ-
റീടുന്നതായ്ക്കണ്ടു ഞാൻ;

ഹന്ത! സ്വാത്മവിശ്രദ്ധനാമൊരുവിടൻ
 തന്നേ ഭവല്ലേഖനം! 45

---

സംഗതിവശാൽ ഒരു പരിഷ്കൃതദേശത്തുപോയി താമസിക്കുന്ന പ്രിയനെ ലഭിക്കുന്നതിൽ ബന്ധുജനപ്രാതികൂല്യംനിമിത്തം നിരാശപ്രായയായിത്തീന്ന ഒരു യുവതി, തന്റെ ഇഷ്ടസഖിയോടു പറയുന്നു:—

പാരാകെ പ്രതികൂലമെൻനിനവിനെ-
 ന്നാകട്ടെ!-യദ്ദേഹമായ്-
ച്ചേരാനല്ലി, നിയൊന്നു കാണുവതിനും
 പാഴാശ്ശോതിപ്പീലഞാൻ;
ഈ രാഗം, 'മയിലാഞ്ചി'ത്തേച്ചൊരുകര-
 ത്തിന്റേതു പോലല്ലയെ-
ന്നാ, രാജ്യത്തെയലങ്കരിക്കുമവിടു-
 ന്നേതാണ്ടറിഞ്ഞാൽ മതി! 46

---

കുട്ടിക്കാലംമുതൽക്കേ കൂട്ടുകെട്ടുള്ളവരും പല ദുഘടങ്ങൾക്കു ശേഷം, ദൈവാനുഗ്രഹത്താൽ ദമ്പതികളായിത്തീന്നവരുമായ യുവാക്കളിൽ, വരൻ വധുവിനോടു, ലീലാഗൃഹത്തിൽവെച്ചു പറയുന്നു:—

ശട്ടം വെച്ചു ശിശുക്കളിക്കിടയിലെ, ൻ-
 മൂദ്ധാവിലെന്തോ മുഷി-

ഞെട്ടിത്തൂമണൽ വാരിയിട്ട, ഹഹ! നിൻ
പ്രേമാധിപത്യത്തിൽ മേ
ചട്ടററുള്ള'രിയിട്ടവാഴ്ച'ശരിയായ്-
കല്പിച്ചൊരിക്കാഞ്ചന-
കട്ടക്കയ്യുകൾ, കംബുകണ്ഠി, ചിരമെൻ-
കണ്ഠത്തിലർപ്പിക്ക നീ! 47

---

ഒരു വിദഗ്ദ്ധയായ വേശ്യാംഗന, യാത്രോദ്യുക്തനായ കാമുകപ്രഭുവിനോട്ട, വിരഹതാപം നടിച്ചുകൊണ്ട പറയുന്നു;—

സ്ഫാരപ്രേമാർദ്രമാകും തവ ഹൃദി സുചിരം
വാഴ്കയാൽധന്യമാമീ-
ത്താരം ഹാരപ്രകാണ്ഡം മമ ശിരസി വിധി-
ച്ചിങ്ങു വെച്ചാതെ പോയാൽ
ഹാരം താനാക്കിയേച്ചാമുടനിവളെ, വിഭോ,
ഹാ! ഭവാൻ തന്നെ പുത്തൻ-
വൈരക്കന്മോതിരം കണ്ടനുപദമുയരും
തദ്വിയോഗാഭിതാപം! 48

---

ഈർഷ്യാകോപത്താൽ നായകനെ പ്രത്യാഖ്യാനം ചെയ്തതിനാൽ പശ്ചാത്താപപ്പെട്ടുന്ന നായികയുടെ സഖി, ആയാളെ കൂട്ടിക്കൊണ്ടു വരുവാനായി താൻ ചെയ്ത ശ്രമം മുക്കാലും നിഷ്ഫലമായിക്കണ്ടിട്ട്, തന്നെത്താൻ വിഷാദിക്കുന്നു—

തോരുന്നൊന്നല്ല, ഹഹ! സഖിതൻ
കണ്ണുനീരു;-പ്പൂമണ്ണിൽ-
ച്ചേരും ഫിത്തായ് മമ കരുണവാ-
ക്കൊക്കെയക്കക്ക്ശങ്കൽ;
കാരുണ്യത്തിൻകലവറ വെറും-
ശ്ശൂന്യമായ്ത്തീന്ന് നാളും,
പാരുണ്ടാക്കന്നയനിഹ പുമാ-
ന്മാരെ നിർമ്മിച്ചുവിട്ടു! 49

കാമുകൻ പ്രണയിനിയ്ക്കു ദൂതീമുഖേന അയച്ച സന്ദേശത്തിലെ ഒരഭിജ്ഞാനവാക്യം—

തന്മേഘക്കുഴൽ ചീകുമാളിയൊടിട-
യ്ക്കെന്തോ ചൊടിച്ചു,ന്നു നീ-
യെന്മേലെയ്ക്കുടവോടെറിഞ്ഞ പനിനീർ-
പ്പൂവിന്നുമുണ്ടെൻവശം;
നിന്മേനിയ്ക്കെതിർനിന്നതാമതധുനാ
വാടിക്കരിഞ്ഞാലു,മി-
ങ്ങുന്മേഷപ്രദ,മുല്ലസിച്ചചെടിമേ-
ലുള്ളൊന്നിനെക്കാളുമേ! 50

നല്ല് നിലാവുള്ള രാത്രിയിൽ സങ്കേതസ്ഥലത്തേയ്ക്കു പോകാൻ മടങ്ങുന്ന അപ്രഗത്ഭനായികയെ സഖി ധൈര്യപ്പെടുത്തുന്നു—

ഫാലാന്തേ, സഖി, ചന്ദനക്കുറികളും,
പോർകൊങ്ക വെള്ളിക്കുടം
പോലാകും പടി വെള്ളറൌക്കിയും, മതി-
ന്മേലപ്പൂഹാരങ്ങളും
ചേലായ്ച്ചേർത്തുകഴിഞ്ഞു; വേണ്ട ഭയ,മി-
പ്പൂമ്പട്ടുടുത്തു,ജ്വല
ശ്രീ ലാത്തുന്ന നിലാവിൽ മറ്റൊരുനിലാ-
വായങ്ങുപോയ്ക്കൊൾക നീ! 51

കാമപീഡിതയായ ഒരു നവോഢയുടെ അന്തരംഗപ്രാർത്ഥന—

'സ്നാനാലങ്കരണാദി,ഞങ്ങളെ വിളി-
ക്കാതിത്ര കാലത്തു താൻ
താനായ്ച്ചെയ്തതയുക്ത'മെന്നുപഹസി-
ച്ചാരെന്നെയിന്നാളിമാർ,
സൂനാസ്ത്രാർത്തനെയിന്നലെത്തൊടുകയേ
ചെയ്തീല നിന്നാജ്ഞയാൽ;
ഞാനാളല്ലതിനിന്നു; നീയൊരഴിവും-
കൊള്ളേണമെൻനാണമേ! 52

---

51. 'നിലാവിൽ മറ്റൊരുനിലാവായി' ......ധവളവസനഭൂഷണയായ നിന്നെ ആരും നിലാവിൽ തിരിച്ചറികയില്ലെന്നു ഭാവം:—

ഈൎഷ്യാകോപംപൂണ്ട നായികയെ നായകൻ സവിനയം പ്രസാദിപ്പിക്കുന്നു—

ഭാവംഹന്ത! പകൎന്നു, ചില്ലിയിണയാം
വില്ലാവതോളം വള-
ച്ചേവം തീക്ഷ്ണകടാക്ഷമാം കണതൊടു-
ത്തിടുന്നതെന്തിന്നു നീ?
ലാവണ്യായുധമൊന്നിനാൽ,സ്സുവദനേ!
പാരൊക്കെവെന്നിട്ടി,നി-
ക്കാൽ വന്ദിപ്പൊരു ദാസനോടു കയറി-
പ്പോരിന്നു ഭാവിക്കുയോ? 53

ഉദ്യാനത്തിൽ പൂമാല കെട്ടിക്കൊണ്ടിരിക്കുന്ന ഒരു സുന്ദരിയെ കണ്ടിട്ടു മനസ്സംഗം ജനിച്ച കാമുകൻെറ വിചാരം—

ചെങ്കയ്ത്താർവിരലിൻ മിനുപ്പനുഭവി-
ച്ചുംകൊണ്ടി,ടയ്ക്കോമന-
ക്കൊങ്കപ്പന്തൊടുമൊന്നുരുമ്മി വിലസു-
ന്നീധന്യമാം നൂലിനാൽ
തങ്കപ്പെൺകൊടി കെട്ടിടുന്നു തറയിൽ-
ച്ചന്തംപടിഞ്ഞിങ്ങിരു-
ന്ന,ങ്കത്തിൽച്ചിതറിക്കിടക്കുമലരിൻ-
ചാൎത്തോ, മമ സ്വാന്തമോ! 54

52. 'സ്നാനാലങ്കരണാദി......എന്നപഹസിച്ചാർ' ഇന്നലെ പ്രിയസമാഗമമുണ്ടാകായ്കയാൽ ഇന്നലത്തെ അലങ്കരണങ്ങൾ മാഞ്ഞു പോകാതെ ഇന്നത്തേതുപോലെ തോന്നുന്നു. ഇതാണ് സഖികളുടെ അപഹാസകാരണം.

സഖിമാരാൽ ഈൎഷ്യാകോപത്തെ അവലംബിപ്പിക്കപ്പെട്ട നായികയ്ക്കു ഭൎത്തൃസമാഗമത്തിൽ ഉണ്ടായ അവസ്ഥാവിശേഷത്തെ കവി വൎണ്ണിക്കുന്നു—

ആക്ഷിപ്തൻ പ്രിയനഭ്യുപായവിധിയ-
ങ്ങോൎക്കുമ്പൊഴെക്കും, ചകോ-
രാക്ഷി, സ്സീൎഷ്യ വഹിച്ചിരുന്ന വദനം
താനേ മൃദുസ്മേരമായ്;
വീക്ഷിച്ചേക്ഷുരികം വളക്കുകിലു, മ-
ത്യുൽക്കണ്ഠമായ് ലോചനം:
സൂക്ഷിച്ചീടിലുമെത്രകണ്ടു നിലനി-
ന്നീടും പുറംപൂച്ചുകൾ? 55

---

പ്രിയാവിരഹിതനായി ദൂരദിക്കിൽ താമസിക്കുന്ന കാമുകന്റെ നിൎവ്വേദത്തോടുകൂടിയ വിചാരം—

ആ രാജാഹ്വവരാംഗിയെങ്ങു?-വിടെയോ
നിസ്സാരജന്മാവിവൻ?
ശ്രീ രാജിപ്പൊരു് തങ്കനൂലിനു വെറും-
മഞ്ചാടി യോജിക്കുമോ?
ചേരാച്ചേൎച്ച വരുത്തിയെന്നൊരയശ-
സ്സല്പ്പോഴ്വതിന്നാഴ്വരാ-
മാരാൽ ഞങ്ങളെ വേൎപിരിച്ചതു വിധാ-
താവെന്നു താനെന്മതം! 56

കവിവാക്യം:—

ഫാലേ വേർപ്പുകൾ വററിയില്ല മുഴുവൻ;
വാർകുന്തൽ കെട്ടിക്കഴി-
ഞ്ഞീലേ:-ററം മുലമൊട്ടുലച്ച നെടുവീ-
ർപ്പററീല;-യെന്നാകിലും,
ചാലേ തൽക്ഷണശോഭയാൽ തരളനാം
കാന്തൻെറ നൽച്ചുംബന-
ത്താലേ പേലവഗാത്രിയാൾക്ക--പരമെ-
ന്തോതാം; മതാന്തൻ സ്മരൻ! 57

ഉദ്യാനത്തിൽ സഖിമാരോടുകൂടി സഞ്ചരിക്കുന്നതിനിടയിൽ, തലേന്നാൾ തനിക്കു സങ്കേതസ്ഥലമായിരുന്ന വള്ളിക്കെട്ടിന്നടുക്കൽ ചെന്നെത്തിയ നായികയുടെ ആകാരഗോപനശ്രമത്തെ കവി പറയുന്നു—

നല്ലാരാമതലേ, ചതഞ്ഞ തളിരും
പുഷ്പങ്ങളും കീഴ്നില-
ത്തെല്ലാം ചിന്നി,മണംപെറുന്നൊരു നികു-
ഞ്ജത്തിന്നടുത്തെത്തവേ,
ഉല്ലാസാഞ്ചിതഗണ്ഡസീമ്നി പുളകം
പൂണ്ടോരു പൂന്തേനൊളി-
ച്ചോല്ലാളെ,'ത്ര തണുത്ത കാററിവിടെ' യെ-
ന്നാളാളിമാരോടടൻ! 58

---

57. 'അപരമെന്തോതാം;-മതാന്തൻ സ്മരൻ' നായികയ്ക്കു പുനഃക്രീഡാസംരംഭമുളവായെന്നു വ്യംഗം.

എന്തായാലും ഈൎഷ്യാകോപം വിട്ടു പ്രസാദിക്കാത്ത നായികയെ, നായകപ്രേഷിതയായ സഖി അനുശാസിക്കുന്നു—

തീരെത്താനപദോഷനെങ്കിലു, മിവൻ
കയ്യേററു തെററൊക്കയും;
പോരെങ്കിൽപ്പതി കാക്കൽ വീണു, തെളിവി-
ല്ലല്ലോ നിനക്കിപ്പൊഴും;
ആരെന്നാലുമിണക്കമാൎന്നിരുവരെ-
ക്കണ്ടാൽപ്പൊറാത്തേഷണി-
ക്കാരെത്തന്നെ കൃതാൎത്ഥരാക്കുവതിനോ,
മുഗ്ദ്ധേ! തുടങ്ങുന്നു നീ? 59

---

തന്റെ അനുരാഗഭാജനമായ കന്യകയെ തനിക്കു കിട്ടുവാൻ പ്രയാസമെന്നറിഞ്ഞിട്ടു നിൎവ്വിണ്ണനായ ഒരു വിദ്യാൎത്ഥിയുവാവ് അവൾക്കയച്ച കത്തിലെ ചില വരികൾ—

X പ്രാണാ--മാപ്പരുളേണമെന്നവിനയ-
ത്തിന്നി!--യ്യിവൻ കഷ്ടമാ-
ണോ ശ്രേഷ്ഠവചസ്സിനാൽ ഭവതിയെ-
സ്സംബോധനംചെയ്യുവാൻ?
ചേണാൎന്നോരു പരീക്ഷയിൽ,ട്ടപ്പൎയ്യുവാൻ
ഞാനും ജയം നേടിപോ-
ലേ;-ണാക്ഷീമണി, വാസ്തവത്തിലിവനി-
ജ്ജന്മത്തിലുണ്ടോ ജയം? 60

നായകാഗമനം കണ്ടിട്ടു നായികക്കുണ്ടായ ഹർഷവികാരങ്ങളെ കവി വർണ്ണിക്കുന്നു.

തന്നാഥാഗമനം പ്രഹർഷമൊടു ക-
ണ്ടിഷ്ടോക്തികാമാൽക്കണ-
ക്ക,ന്നാളീകമുഖിക്കു കർണ്ണനികടം
പ്രാപിച്ചു നേത്രോൽപലം;
നന്നായ്ക്കാണ്മതിനോ നിവർന്നു നിലവായ്
രോമങ്ങളു;-ണ്ടൊട്ടു താൻ
ചെന്നാലോ ദൂത, മെന്നപോലൊരു പുള-
പ്പാർന്നു മുലപ്പൊങ്കുടം. 61

---

സങ്കേതസ്ഥലത്തെത്തിയ അഭിസാരികക്ക്, അവിടെ കാമുകനെ കാണായ്കയാൽ ഉണ്ടായ ചിന്താവൈവിധ്യത്തെ കവി വിവരിക്കുന്നു.--

'ഹാ! ഹാ! ശൂന്യം നികുഞ്ജോദരം;-മവിടെയണ-
ഞ്ഞീലയോ കത്തു? മിത്ര-
ദ്രോഹാനുഷ്ഠാനമെങ്ങെ?-ങ്ങനഘചരിതരാ?-
ദൂതി വിശ്വാസപാത്രം!
സ്നേഹാന്തം കാന്തനേറേറാ?-ഹത മശ്ശുഭ!-മല-
ക്കുന്നു നീർവററ?'ലെന്നീ-

ഊഹാപോഹങ്ങൾ പൂണ്ടോക്കമെന്നി പുതുതമ-
സ്സൊന്നിലാപ്പെട്ട രാവിൽ. 62

---

ചിരാനുരക്തന്മാരായ വധൂവരന്മാൎക്കു പ്രഥമസമാഗമത്തിലുണ്ടാ-യ ദശാവിശേഷത്തെ കവി പറയുന്നു.--

ചേലാം ചേൎച്ച പെടുത്ത ബാന്ധവർ പിരി-
ഞ്ഞ,ല്ലിങ്കലാ വിണ്ടലം
പോലാം മച്ചിൽ വധൂവരോത്തമർ തനി-
ച്ചായപ്പോഴെസ്സും, തുലോം
ലോലാത്മാക്കളുവക്കു, ഹന്ത! പല നാൾ
ചിന്തിച്ചുറപ്പിച്ചതാം
ലീലാശൈലികളൊക്കെ വിസ്മൃതിയിലായ്
ലജ്ജാലശേഷത്തിനാൽ! 63

---

ഖണ്ഡിതയായ മുഗ്ദ്ധനായികയെ നായകൻ കൌശലത്തിൽ അനുനയിപ്പിക്കുന്നു.--

ഉൾപ്പോരല്പമിതീ:- നിതംബഭരവും
വാർപ്പൂങ്കുഴൽക്കെട്ടുമു-
ള്ളപ്പോൾ നിന്റെ പുറംതിരിഞ്ഞ ശയനം-
കൊണ്ടെന്തുവാൻ തോൽവി മേ?
ചെപ്പോടേററ കുചം കുലുക്കിയെഴുനേ-
ററിട്ടെന്ത?റസ്സുള്ളിൽ നി-

ന്നിപ്പോക്കാൽ മമ നെഞ്ചിൽനിന്നകലുവാ-
നാളാകുമോ, ചണ്ഡി, നീ? 64

---

ബന്ധുക്കളുടെ ആലോചന എന്തുകൊണ്ടോ മറ്റൊരു വഴിക്കാകയാൽ, ശ്രേഷ്ഠനായ തന്റെ കാമുകനോടു ചേരുന്നതിനു നിവൃത്തി കാണാഞ്ഞിട്ട്, അത്യുൽക്കണ്ഠിതയായ നായിക ലോകത്തെ വെറുക്കുന്നു.-

അന്തസ്സുള്ള കുലീനനാ,ത്തവിഭവൻ,
വിദ്യാവിവേകാഢ്യനാ,-
ത്യന്തം സുന്ദരനൊ,ന്നുകൊണ്ടു മിടിവി-
ല്ലപ്പുരുഷന്നെ;-ങ്കിലും,
എന്തയ്യോ! പറയേണ്ടു? മൽപ്രണയമ-
സ്ഥാനത്തിലായ്ത്തീർന്നു പോൽ!
സ്വാന്തം സ്വാർത്ഥപരത്വമിത്തിരി കുറ-
ക്കാമോ, ജഗത്തേ, ഭവാൻ! 65

---

സങ്കേതസ്ഥലത്തു കാമുകൻ വന്നുചേരായ്കയാൽ അക്ഷമയായി വൈവശ്യപ്പെടുന്ന അഭിസാരികയെ സഖി ആശ്വസിപ്പിക്കുന്നു.--

ഒരു നിമിഷവും വൈകീട്ടില്ലാ വരും
സമയം; വൃഥാ

---

64. ചണ്ഡി=കോപശാലിനി.

പുരുരുജയൊടെന്തിപ്പൂമെത്തപ്പുറ-
ത്തുരുളുന്നു നീ?
കരുതലൊട്ടമിന്നെന്നാലാക്ഷേപ്പമീ-
ത്തവ വേഷമാ-
വിരുതനരു രുചിസ്സില്ലെന്നാമോ, വിലാ-
സിനി, നിന്മതം? 66

---

ദൂരയാത്രോദ്യുക്തനായ നായകനും വിരഹഭീതയായ നായികയും തമ്മിൽ നടന്ന സംഭാഷണം--

‘എന്നാൽ പോയിവരട്ടെ’-‘യെന്നിഹ തിരി-
ച്ചെത്തീടു?’-‘മേഴെട്ടു നാൾ
ചെന്നാൽ’-‘ഭദ്ര,മനേകമാണ്ടു നിലനി-
ല്ക്കട്ടേ ഭവദ്യൌവനം!’
‘നന്നാശീർവ്വചനം, പ്രിയേ!’-‘ദയിത, ഞാ-
നാശിച്ചതൊക്കാത്തതാ-
ണെന്നാലെ,ന്നവിടുരഭാവിജനിയിൽ-
ബ്ഭർത്താവെനിസ്സൂരുവാൻ’? 67

---

67. ഏഴെട്ടുദിവസത്തെ ഭർത്തൃവിരഹം തനിക്കു സഹ്യമല്ല; താൻ അതിനിടയിൽ മരിച്ചുപോകും എന്നാണ് നായിക സൂചിപ്പിക്കുന്നത്.

പ്രണയിനിയെ ലഭിയ്ക്കുന്നതിൽ നേരിട്ടുകൊണ്ടിരിയ്ക്കുന്ന വിഘ്നങ്ങളാൽ മുക്കാലും നിരാശനായിത്തീൎന്ന കാമുകൻ, അവളുടെ അനുരാഗസൂചനകളെ ഓൎത്തു തന്നെത്താൻ സങ്കടപ്പെടുന്നു--

ഹാ! ലേശം കരുതീലിതു;-ങ്ങയെ, മുദാ
മൂൎത്താനുരാഗത്തിനെ-
പ്പോലേ ഭാമിനി, ഭാഗ്യരേഖ തെളിയാ-
ത്തിക്കയ്യിലൎപ്പിയ്ക്കയാൽ
ചേലേറുന്നവൾതന്റെ തുന്നൽവിരുതിൻ
ദൃഷ്ടാന്തമായുള്ളോരെൻ
കൈലേസ്സേ, തവ ജോലി തപ്തമിഴിനീ-
രൊപ്പുന്നതായ്ത്തീൎന്നുപോയ്! 68

---

കൂരിരുട്ടുള്ള രാത്രിയിൽ അഭിസരണോദ്യുതയായ നായികയെ യഥോചിതവേഷഭൂഷിതയാക്കി, സഖി സസന്തോഷം യാത്രയാക്കുന്നു--

ഓമൽത്തോഴി, പുറപ്പെടാം സുഖമിനി;-
ധ്വാന്താഭിസാരാഷ്ടമീ
ശ്രീമന്മേചകവേഷമാൎന്ന തവ പൂ-
മെയ്യെത്ര സമ്മോഹനം!
ഹാ! മറെറന്തുരചെയ്യു? മാൎസ്സുഭഗനെ-
പ്പുൽകാന, ളിശ്ര്യാമനാം

കാമൻകാമിനിയായ്ച്ചമഞ്ഞതു കണ്
ക്കത്രേ വിളങ്ങുന്നു നീ! 69

---

ഈൎഷ്യാവിവശയായ പ്രിയതമയെ യഥോചിതം അനുനയി
പ്പിയ്ക്കാൻ ശ്രമിയ്ക്കാതെ ഒരു രാത്രി കഴിച്ചുകൂട്ടിയ നായകൻ, അനു
താൻ അനുഭവിച്ച സങ്കടത്തെ, സഖാവിനോടു പറയുന്നു.--

മാനംകൊണ്ടു മുഖം തിരിയ്ക്കില്ല,മിട-
യ്ക്കൊട്ടേറെ വീൎത്തു,കലാ-
മാനഞ്ചുന്നൊളിനോട്ടമിട്ടു,വളട്ട-
ക്കൽത്താൻ കിടന്നീടവേ,
'മൌനം മുമ്പിവളോ കൈവിടട്ടെ! മടിയെ-
ന്തെ?'-ന്നീ വെറുംവാശിയാൽ
ഞാനന്നല്ലിൽ നടത്തിനേനൊരു തരം
തീവ്രാസിധാരവ്രതം! 70

---

കവിവാക്യം--

'നാലേ നാഴികയുള്ള രാത്രി പുലരാൻ:
പൂങ്കോഴിതൻ കൂകൽ കേ-

---

70. മാനം=ഈൎഷ്യാകോപം (പ്രണയകലഹം) അസിധാരവ്ര
തമെന്നതു ദമ്പതിമാർ സൎവ്വാഭരണഭൂഷിതരായി, ശൃംഗാരോദ്ദീപക
മായ സകല വസ്തുക്കളും ചേൎന്ന് സഹശയിതരാകയും, എന്നാൽ പര
സ്പരം സ്പൎശിക്കുകൂടി ചെയ്യാതിരിക്കയും ചെയ്യുന്ന ഒരു വ്രതമാണ്. പ്ര
കൃതത്തിൽ 'വെറും വാശിയിൽ' താൻ നായികയെ തൊട്ടതേയില്ലെ
ന്നൎത്ഥം.

ട്ടീലേ കണ്ണുകരോരെ?’മെന്നിടർ പെട്ടും
പ്രേയാനെൻറയാഭാഷണം,
പാലേലുംമൊഴിയാളിൽ വാട്ടമൊട്ടാ-
ഞുന്നാ സ്മരസ്വാമിയെ-
ക്കാലേ പള്ളിയുണർത്തുവാനുതകിടും
വൈതാളികോൽഗീതമായ്; 71

---

ഒരു തവണ സമാഗമസൌഖ്യം അനുഭവിച്ചു പിരിഞ്ഞ കാമുകൻ ദൂരവാസദുഃഖിതനായിട്ടു, പ്രിയതമയ്ക്കയച്ച സന്ദേശത്തിലെ ഒരു ഭാഗം--

സോമൻ, ദുർവ്വിഷമുൾക്കലന്ന കവിടി-
ക്കിണ്ണം; സുവർണ്ണാനനേ!
ഹേമന്തപ്പനിനീർസ്സുമം, ശുഭതനോ!’
ശൂലം ചിരട്ടക്കനൽ;
ഓമൽക്കോമളകണ്ണി! കോകിലരുതം
ക്രോഷ്ടാവിടന്നോരിതാ-
നീ;-മട്ടായ് മമ തോന്നലൊക്കെ,യൊരുനാ-
ളുണ്ടായ നിൻവേർച്ചയാൽ. 72

---

ഒരുത്സവത്തിലെ ജനസംഘത്തിൽവെച്ചു കാമുകൻെറ സമ്മുഖദർശനത്തിൽ തനിക്കുണ്ടായ വികാരങ്ങളെ മറയ്ക്കുവാൻ ശ്രമിക്കുന്ന നായികയോടു മർമ്മജ്ഞയായ സഖിയുടെ സോപഹാസോക്തി--

നല്ലാരിന്മണി, തൻകരത്തളിരിലെ-
പ്പൂച്ചെണ്ടുമേലുള്ള പൂ-
വെല്ലാം ചീന്തിയിടുന്ന പാഴ്ത്തൊഴിലിനായ്-
ക്കമ്പിട്ടു നിൽക്കേണ്ട നീ;
മല്ലാസ്ത്രന്നിതിനാൽ ശരക്ഷതി വരാ!
പൊരങ്ങിയ്ക്കുകൊന്നീ മുഖം;
തെല്ലാരാലനിമേഷമായ് വിലസുമാ
നേത്രത്തെ വഞ്ചിയ്ക്കൊലാ! 78

---

തങ്ങൾ ഈർഷ്യാകോപം പിടിപ്പിച്ച നായികയെ വിദഗ്ദ്ധനായ നായകൻ ക്ഷണേന അനുനയിപ്പിച്ചു; സംഗതി, സഖിമാരിൽ ഒരുവൾ മറ്റൊരുവളോടു പറയുന്നു.-

'ഞാനല്പം ശഠനെങ്കിലാട്ടെ! വിനമി-
ക്കട്ടെ,ൻശിരസ്സേ! പെരു-
ത്താനന്ദം തരുമീത്തുടുത്ത പനിനീർ-
പ്പൂവ്വിന്റെ ദിവ്യാംഭയെ
പാനംചെയ്തു രസിച്ചിടട്ടെ ചെറുതേൻ-
കണ്ണേ!-ന്നവൻ ചൊൽകവേ,
മാനത്തിന്നുടകം കഴിച്ചു മറിമാൻ-
നേർകണ്ണി കണ്ണീരിനാൽ! 74

ഒരുവങ്കൽ ഗൂഢമായ അനുരാഗം നിമിത്തം മററു വരന്മാരെ നിഷേധിയ്ക്കുകയാൽ ഗുരുജനങ്ങളുടെ അപ്രീതിയ്ക്കു പാത്രീഭവിച്ച ഒരു മനസ്വിനിയുടെ മനോരാജ്യം--

പരവതി ഞാ,നഹോ! ഗുരുവരർക്കുവശംവദയായ്!
സ്ഥിരനിലയാൽക്കിടച്ചു മമ ചാപലദുഷ്പ്രഥയും!
പരമിതു നിൻെറ പല്ലവസുമോൽഗ്ഗമമാവുകിലെ-
ത്തരമിനി മേൽ വരുന്നഫല,മെന്നനുരാഗലതേ?

---

നായകനു സങ്കേതസ്ഥലത്തുവെച്ചു പ്രണയിനീസമാഗമം ലഭിച്ച സന്തോഷവർത്തമാനം, നർമ്മസചിവൻ, ആയാളുടെ സുഹൃത്തിനെ ധരിപ്പിക്കുന്നു--

സ്വാന്താകർഷകമഞ്ജുളധ്വനി പെറും-
മാററം പദന്യാസ, മ-
ക്ലാന്താലംകൃതിഭംഗി, ഭാവരസവാ-
സ്ഥിത്യാദിയൊത്തങ്ങിനെ
താൻ താനാഗതയാം വിലാസിനി തദാ,
തങ്കൽ പ്രിയം തങ്കുമാ-
ക്കാന്താത്മാവിനെ മേത്തരം കവിത പോ-
ലേററം രമിപ്പിച്ചുതേ. 76

---

75. പരവതി=പരാധീന (അസ്വതന്ത്ര).

ലീലാഗൃഹത്തിൽ പ്രവേശിച്ച നായകൻ വാസകസജ്ജികയായ പ്രിയതമയുടെ കിടപ്പു കണ്ടിട്ടു, സകൌതുകം വൎണ്ണിയ്ക്കുന്നു--

കാലേതാനും മടക്കി,ത്തുടതുടയുടെ മേൽ-
ച്ചേൎത്തു, തിന്ന,ബ്ജമാല്യം
പോലേ വാരിസ്സുമേൽ നീട്ടിയ രുചിരവല-
ക്കയ്യലങ്കാരമാക്കി,
മേലേ വൻപോർമുലപ്പൊന്നണി ചിതറുമിടം-
കൈ കവിൾത്തട്ടിനേകി-
ച്ചേലേറും കണ്ണടച്ചെ,ൻശശികലിക,യിതാ,
വെൺനഭസ്സിൽശയിപ്പൂ! 77

——

വിരഹപീഡിതയായ നായികയുടെ കാമലേഖനം കാമുകനെത്തിച്ചുകൊടുത്ത ദൂതി, ആയാളുടെ താൽക്കാലികാവസ്ഥയെ തൻെറ ചങ്ങാതിയോടു പറയുന്നു--

ആളല്ലിന്നൊരു നാലു വാക്കുമെഴുതാ-
നാ മുഗ്ദ്ധയാളെ;ങ്കിലും
കേളു;ക്കത്തിലെയക്ഷരങ്ങളനുരാ-
ഗാദ്വൈതസൂത്രങ്ങൾ താൻ!
നീളം പൂണ്ട വിചിന്തനത്തിൽ മുഴുകി-
സ്സാക്ഷാൽ 'മഹാഭാരത'—

തോളം പോന്നൊരു ഭാഷ്യ!മായതി,നിതാ!
തീക്ഷ്ണനു തൽക്കാമുകൻ! 78

——

സഖീജനോപദേശപ്രകാരം ഈൎഷ്യാകോപത്തെ അവലംബിച്ച അധീരയായ നായികക്കു വല്ലഭസമാഗമാവസരത്തിലുണ്ടായ വല്ലായ്മയെ കവി വൎണ്ണിക്കുന്നു.

ശോണാഭം വദനം തിരിക്കിലു,ടനാ-
ബ്ഭാഗത്തു ചെല്ലും പ്രിയൻ;
പ്രാണാധീശപദാന്തവും കിമപി താൻ
കണ്ടാൽച്ചലിക്കും മനം;
കാണായ്വാൻ മിഴി ചിമ്മിയാൽ, നിബിഡമാം
കണ്ണീർ പതിക്കും ക്ഷണാ-
ലേ;ണാപാംഗി കുഴക്കിലായി, വെറുതേ
മാനത്തെ മാനിക്കയാൽ! 79

——

പരിഹാസശീലമരായ സഖികൾ അറിഞ്ഞെങ്കിലോ എന്നോൎത്തു വിശേഷിച്ചും സാദ്ധ്വസപ്പെടുന്ന നവോഢയെ, ഇംഗിതജ്ഞനായ നായകൻ ധൈൎയ്യപ്പെടുത്തുന്നു.

യാമം രണ്ടു കഴിഞ്ഞു രാവിനധുനാ;
നിദ്രാസമാശ്ലേഷണ-
വ്യാമൎദ്ദത്തിൽ മയങ്ങി ലോകമഖിലം;
പൂമച്ചിൽ നാം മാത്രമായ്;

കാമം പോലളി തേൻ നുകന്ന മലരി-
നുണ്ടോ പരിക്കേല്ക്കുമാ-
റോ? മൽത്തോഴികൾ ദിവ്യദൃഷ്ടികളുമ-
ല്ലെന്തിന്നു പേടിപ്പു നീ? 80

---

ചിരപ്രാർത്ഥിതമായ പ്രിയതമരഹസ്സമാഗമം ലഭിച്ച ആ ശുഭാവസരത്തെ ലജ്ജാധിക്യം മൂലം പാഴാക്കിക്കളഞ്ഞ നായികയോടു സഖിയുടെ അനുകമ്പോക്തി--

ദേഹാസക്തി കുറഞ്ഞ,ലംകൃതികളിൽ-
ത്തെല്ലേറെ വൈമുഖ്യമാ-
ന്നാഹാരാദികളൊക്കെ വിട്ടു,ഭികവി-
ശ്ലേഷവ്രതം കൊൾകിലും,
നീഹാരാംശുമുഖി, ത്രപാഭരണമി-
ന്നോളം ത്യജിക്കായ്കയാ-
ലാ,ഹാ! കിട്ടിയ ഭാഗ്യവും പഴതെയായ്-
പ്പശ്ചാത്തപിക്കുന്നു നീ. 81

---

ചിരവിരഹാനന്തരം പ്രിയയുമായി ചേർന്ന യുവാവ് അവളോടു സഹർഷാതിരേകം പറയുന്നു--

പാലാണിന്നു നിലാവിതി,ന്നലെ വരെ
ച്ചുണ്ണാമ്പുവെള്ളം മധു-

---

81 അഭികവിശ്ലേഷവ്രതം=പ്രിയവിരഹമാകുന്ന വ്രതം.

ശ്രീലാസ്യോത്സവരംഗമിന്നുപവനം,
പ്രേതപ്പറമ്പിന്നലെ;
മേലാകെക്കനൽ ചേൎത്തിരുന്ന ചെറുകാ-
ററിന്നത്തർ വീശുന്നു മേ;
നീലാപാംഗി, ജഗത്തു നീളെ നവമായ്-
ത്തോന്നുന്നു നിൻചേച്ചയാൽ! 82

—

'വസന്താരംഭത്തിൽ— നമ്മുടെ മുററത്തെ കൊന്ന പൂക്കളമ്പൊഴെയ്ക്കും— ഞാൻ തിരിച്ചെത്തും' എന്നിങ്ങിനെ യാത്ര പറഞ്ഞു ദൂരദേശത്തെയ്ക്കു പോയ നായകൻ യഥാകാലം വന്നുചേരാഞ്ഞതിനാൽ, അസഹനീയമായിത്തീൎന്ന വിരഹദുഃഖം മൂലം മരണാഭിലാഷിണിയായ നായിക പ്രലപിയ്ക്കുന്നു—

ഇന്നാടോടിയഗസ്ത്യദിക്പവനനും
ചെല്ലാത്ത രാജ്യത്തിലാ-
ണെൻനാഥൻ; ഭയമെന്തിനീ?-വക ജയോ-
ത്സാഹം ജഗത്സമ്മതം;
എന്നാൽ; പൂങ്കുലയായ പൊൻതടിയുമായ്
മുററത്തിവണ്ണം വൃഥാ
നിന്നാലോ! തവ പേരു 'കൊന്ന'മരമേ!
സാൎത്ഥീകരിയ്ക്കാശ്രു നീ. 83

—

83. അഗസ്ത്യദിക്പവനൻ=തെക്കൻകാററ്.

രാത്രിയിൽ കാന്താർത്ഥിനിയായി സങ്കേതസ്ഥലത്തെക്കു പോകുന്ന നായികക്കു, വഴിക്കു വെച്ചുതന്നെ പ്രിയസമാഗമം ലഭിച്ച സംഗതി, അവളുടെ അന്തരംഗസഖി മറെറാരു സഖിയോടു പറയുന്നു—

ഘോരോദീർണ്ണതമിസ്രമാം വഴിയിൽവെ-
ച്ചു,കോമളാംഗത്തിൽ വ-
ന്നാരോ മുട്ടി;—യതിൽത്തനിക്കൊരു ഭയം
തോന്നീലയെന്നാകിലും,
ആരോമാഞ്ചിതയായ്, വിയത്തു,വൾ വിറ-
ക്കൊള്ളാതിരുന്നീല; മ-
റെറാരോന്നോതുവതെന്തിന?—ന്നവിടമേ
തോഴിക്കു സങ്കേതമായ്! 84

---

വിദേശത്തുനിന്നു സ്വരാജ്യത്തെക്കു മടങ്ങുമ്പോൾ, വഴിക്കു് ഒരു സത്രത്തിൽ രാത്രി കഴിച്ചുകൂട്ടുന്ന വാണിജ്യയുവാവു ഹേമന്തോദ്ദീപിത പ്രിയാവിരഹതാപനായിട്ടു തന്നെത്താൻ പറയുന്നു—

മട്ടിപ്പാലു പുകച്ചു മഞ്ജുമണിമ-
ച്ചുള്ളീ വഴിസ്സത്രു;—മാ-

---

85. കനകച്ചെപ്പ്=സ്വർണ്ണനാണ്യം നിറച്ച ചെപ്പ്. ഇതു ചോരഭയം നിമിത്തം, ആയാൾ കിടക്കുമ്പോൾ അരികത്തു തന്നെ വെച്ചിരിക്കയാണ്.

കട്ടിപ്പോർമുലയല്ല, രണ്ടു കനക-
    ച്ചെപ്പാണിതെന്നന്തികേ;
ഒട്ടിപ്പോൾ വിരമിയ്ക്കു: നാലു തിഥിയാൽ
    ഞാനങ്ങു ചെന്നിട്ടി, തേ-
മട്ടിൽത്തേ വിഹരിച്ചിടാം, ഹൃദയഭൂ-
    സാമന്ത, ഹേമന്തമേ! 85

കവി പറയുന്നു—

പ്രേമപ്പുഞ്ചിരി മാററിയില്ല; വദനേ
    വൈവർണ്യമേന്തീല; തൻ-
നേമത്തിന്നെതിരായനാദരതയും
    കാട്ടീല കാന്തന്റെമേൽ;
ആ മയ്ക്കണ്ണി, പുറത്തുപോം സഖികളെ-
    സ്സല്ലാപസല്ലീലയാൽ
പൂമച്ചിൽസ്സുചിരം നിറുത്തി വഴിപോ-
    ലൊപ്പിച്ചു മാനഗ്രഹം. 86

ഒരു സുന്ദരി വീണ വായിച്ചുകൊണ്ടിരിയ്ക്കുന്നതു കണ്ടിട്ട് അവളെ കാമിയ്ക്കുന്ന യുവാവ് ആത്മഗതമായിപ്പറയുന്നു—

മരന്ദച്ചൊല്ലാൾതൻ മടിയിലിഹ മേ-
    വുന്നു സുഖനി-

ഭരം, വീണത്തണ്ടു,മുട്ടലകരസ-
മ്മൃഷ്ടതനുവായ്;
തരത്തിൽപ്പോർകൊങ്കത്തടമൊട്ടമുരു
മ്മുന്നു ബഹുധാ;
മരം നീ ഭാഗ്യത്താലമരനുമസൂ-
യാകരം,മഹോ! 87

താൻ കാമിച്ചു വരുന്ന പുരുഷനെ, 'വരനു യോഗ്യത മതിയായില്ല' എന്നുവെച്ചു ബന്ധുക്കൾ നിഷേധിച്ച വിവരം അറിഞ്ഞിട്ടു്, അത്യുൽക്കണ്ഠിതയായ ഒരു സുന്ദരി പ്രിയസഖിയോടു് ആവലാതി പറയുന്നു—

ശ്രീയാണു,വ്വശിയാണു, ശീലവതിയാ-
ണെ,ന്നൊക്കെ, നാട്ടാർ വെട്ട-
പ്പായാ,ഹന്ത! പുകഴ്ത്തുമീ മൊഴികളാൽ
കർണ്ണം തഴമ്പിച്ചു മേ;
പ്രേയാനോടൊരുമിപ്പതിന്നു തടവി-
ല്ലാത്തോരു സാധാരണ-
സ്ത്രീയായാൽ മതിയായിരുന്നു! വിധി താ-
നെന്നെച്ചതിച്ചു വൃഥാ! 88

---

നിശ്ചയപ്രകാരം സങ്കേതസ്ഥലത്തു ഗൂഢമായിച്ചെന്നിട്ടു, സംഗതിവശാൽ ആശാഭംഗത്തോടേ തിരിച്ചുപോരേണ്ടിവന്ന കാമുകൻ തന്റെ നർമ്മസചിവനോടു പറയുന്നു—

എൻതാപത്തിനു ശാന്തിയിന്നു വരുമെ-
ന്നോർത്താ,മലർത്തൊപ്പില-
ത്യന്താവേശമണഞ്ഞ നമ്മെയൊളിചിൽ-
കണ്ടിട്ടു കഞ്ജാക്ഷിയാൾ,
ഹന്താവിഷ്കൃതലീലയായൊ,-'രിതളും
പോകാത്തതാണീയിളം
ചെന്താരെ'ന്നൊ,രു പൂവറുത്തു സഖിമാ-
ർക്കൊട്ടുക്ക കാട്ടീടിനാൾ. 89

---

നായകൻ അന്യനായികാസക്തിയാൽ ഈർഷ്യാകോപത്തോടുകൂടി തന്നെ പണിപ്പെട്ടു രാത്രി കഴിച്ചുകൂട്ടിയ നായികയോടു രാവിലെ സഖി പറയുന്നു—

ചേലേറുന്ന വിലോചനം കലുഷിതം;
കൈത്തണ്ട നേത്രാഞ്ജന-
ത്താലേ പങ്കില;-മങ്കിതം കവിളണി-
പ്പൊൻകങ്കണപ്പാടിനാൽ;
ചാലേ വാടി വരണ്ടിരിപ്പു,തധരം;
ഹാ! ചണ്ഡി! നിന്മേനി മേ-

89. 'ഞാൻ രജസ്വലയായിരിക്കുന്നു. അത് ഇന്നു തന്നെയാണുതാനും' എന്നാണ് ഒരിതളും പോകാത്ത ചെന്താര് അറുത്തു കാട്ടിയതിന്റെ സാരം.

ന്മേലേ ചൊല്ലുവതുണ്ടു രാത്രികഥയും
നാഥന്റെ ദാക്ഷിണ്യവും! 90

---

സഖികളുടെ നിർബ്ബന്ധം നിമിത്തം, ഇദംപ്രഥമമായി ഈർഷ്യാകോപം പ്രകടിപ്പിക്കുന്ന നായികയോടു വിദഗ്ദ്ധനായ നായകൻ ചോദിക്കുന്നു—

കൈ രണ്ടും തവ പത്മരാഗ;-മളക-
സ്തോമം മഹാനീല;-മുൽ-
സ്മേരശ്രീമുഖമിന്ദുകാന്ത;-മിതുമ-
ട്ടുൽക്കൃഷ്ടരത്നാംഗി, നീ
'വൈരം' കൂടി വഹിക്കിലുള്ളഴകെനി-
ക്കിന്നാദ്യമായ്ക്കാണുവാ-
നാരൻപോടിടയാക്കി; നിഷ്കൃതിയവ-
ക്കെന്തൊന്നു ചെയ്യേണ്ടു ഞാൻ: 91

നായകനെ ആനയിപ്പാൻ അയയ്ക്കപ്പെട്ട ദൂതി, ആയാളുമായി സ്വയം രമിച്ചു തിരിച്ചെത്തിയതു കണ്ടിട്ട്, അവളുടെ പ്രയത്നത്തെ, ഗാംഭീര്യശാലിനിയായ നായിക, ഈർഷ്യാഗർഭമായി അഭിനന്ദിക്കുന്നു—

---

90. നാഥനു ദാക്ഷിണ്യം ലേശംപോലുമില്ലെന്നു നിന്റെ ദേഹം കണ്ടാലറിയാം. നീ രാത്രി മുഴുവൻ നിന്റെ കയ്യും തലയ്ക്കുവെച്ചു കരഞ്ഞും, നെടുവീർപ്പിട്ടും കിടക്കുകയായിരുന്നുവല്ലോ.

91. നിഷ്കൃതി=പ്രത്യുപകാരം.

മാടേലും മുലകൾക്കിളക്കമുളവാ-
ക്കുന്നീ നെടുംവീർപ്പുതൻ
ചൂടേററിട്ടു വിവർണ്ണമായ് വെറുതെ നിൻ
താംബൂലതാമ്രാധരം;
പാടേ, ഞാൻ തൊടുവിച്ച ചെങ്കുറികളും
മാഞ്ഞൂ വിയർപ്പാല;-ഴൽ-
പാടേവം തവ, ദൂതി, പോക്കുവരവാ-
ലാപ്പെട്ടു ഞാൻ കാരണം! 92

---

കവിവാക്യം—

ഒററസ്ഥായ നതാംഗി വിശ്രമഗൃഹേ,
രണ്ടംഗുലിച്ചെന്തളി-
ർക്കററത്തോന്തിയ വെററിലച്ചുരുളിനെ-
ത്തൻനേർക്കു നീട്ടീടവേ,
'ചെററല്ലാതണിമേഖലവില്ലൊളി പെറും
നൽപ്പെൺപിറാവൊന്നി,താ!
മുററത്താ,ണിരു കൊക്കു കൊണ്ടിരയെടു-
ത്തേകുന്നുവെന്നാൻ പ്രിയൻ. 93

ചിരപ്രോഷിതഭർത്തൃകയായ നായിക, അവളോടു കുശലപ്രശ്നം ചെയ്യു ഒരു സഖിയോടു മറുവടി പറയുന്നു—

മൌനം പൂണ്ടു, ഹൃദന്തരന്റെയുപദേ-
ശത്താലൊ,രേകാന്തമാം
സ്ഥാനത്തിൽ, ശ്രുതികൾക്കുമിന്നകലെയാ-
യുള്ളാപ്പരാത്മാവിനെ
ധ്യാനംചെയ്യുമരും തപസ്വിനിയെയോ
ബാധിച്ചിടുന്നൂ കട-
ന്നാനന്ദതരമാം വികാര?-മിഥ നിൻ
ക്ഷേമാനുയോഗം വൃഥാ! 94

---

ഒരു യുവതി സുഹൃന്മദ്ധ്യസ്ഥിതനായ തന്റെ കാമുകനെ ഗൂഢമായി കടാക്ഷിക്കുന്നതു മറ്റൊരു രസികൻ കാണുന്നു—

ക്ഷൌമം ചേർന്ന മൃദൂദരോപരി വലം
കയ്ത്താർ വിലങ്ങത്തിൽ വെ-
ച്ചോ,മൽഗ്ഗണ്ഡമിടംകരത്തളിരിലും
ചായ്ച്ചി,ച്ചകോരാക്ഷിയാൾ,
ത്തൂമന്ദസ്മിതമാർന്ന ചെഞ്ചൊടിയുമായ്,-
ത്തൂൺ ചാരിനിന്നു,ല്ലസൽ-

---

94. ശ്രുതികൾ=ചെവികൾ; വേദങ്ങൾ എന്നും, പരാത്മാവ്=ശ്രേഷ്ഠഹൃദയൻ; പരബ്രഹ്മം എന്നും. തപസ്വിനി=ശോചനീയ ഭാവപ്പെട്ടവൾ; താപസി എന്നും. ക്ഷേമാനുയോഗം=കുശലപ്രശ്നം.

പ്രേമക്കൺമുന നീട്ടിടുന്നിതൊളിവാ-
യേ,തോ മഹാധന്യനിൽ. 95

---

നായകാഗമനത്തിൽ പ്രണയകലഹത്തോടു കൂടിയിരിപ്പാൻ നിർബ്ബന്ധിക്കുന്ന സഖിയോടു നായിക സവിനയം അപേക്ഷിക്കുന്നു—

നേരായ് നാഴിക മുപ്പതേ രജനിയോ-
ന്നിന്നുള്ളു; മത്സന്നിധൌ
ചേരാനെ,ൻകണവന്നൊരെട്ടു മണിയാ-
കേണ്ടാത്ത നാലും ദുർല്ലഭം;
പോരാ, കാലമിതുത്തരായണം;-മതി
പ്രൌഢൻ വസന്തപ്രിയൻ; (താൻ
പോരാത്തോളിവലും; തോഴി, തക്ക തൊഴിൽ
ചിന്തിച്ചു ചെയ്യിക്കൂ നീ. 96

---

ഒരഭിസാരികയുടെ യാത്രാസമയപ്രാർത്ഥന-

എല്ലാ യാമവുമേറെ നീട്ടിയിടുകി-
ന്നംബ, ത്രിയാമേ! തുലോം
നല്ലാളായ തമിസ്രമേ, ത്രിഭുവനം
കീഴാക്കി വർത്തിക്കൂ നീ!

---

96. ഉത്തരായണകാലത്തു രാത്രി കുറയും.

ഉല്ലാസോൽബണതാരകാമിഴികളാൽ
നോക്കും പ്രിയവ്യോമമേ,
ചൊല്ലാസ്സന്ന്യജനത്തൊടീയബലതൻ
ചാപല്യമോ, ധൈര്യമോ! 97

---

വിരഹിണിയായ നായികയുടെ ദുരവസ്ഥയെ സഖി വിവരിക്കുന്നു—

ഹാരം ഹാരവിഭൂഷ; ചന്ദനമിളൽ-
കർപ്പൂരസാരം വെറും-
ചാരം, ചാരുതരാംഗിയാൾക്കൊളി പെറും
ചന്ദ്രാംശു ചണ്ഡാതപം;
പാരം രാത്രികൾ കാളരാത്രികൾ;-ഹോ!
സംസാരമൊട്ടുക്ക നി-
സ്സാരം; സംപ്രതി ജീവിതേശവിരഹാൽ
ഭാരായിതം ജീവിതം. 98

---

വിരഹാതുരയായ നായികയും, ചിരപ്രോഷിതനായ നായകന്റെ ആഗമനം ദൂരത്തുനിന്നു കണ്ടിട്ട് ആ സന്തോഷവൃത്താന്തം അറിയിപ്പാൻ ചെന്ന സഖിയും, തമ്മിൽ നടന്ന സംഭാഷണം—

---

97. ഹാരവിഭൂഷ=ഹാരസംബന്ധിയായ ആഭരണം (സപ്തം).

'ഒട്ടേറെത്തെളിവെന്തു തേ'? 'തവ കളി-
  പ്പൂങ്കോഴിതൻ വായട-
ച്ചിട്ടേനെ-' 'ന്തിന?'- തിൻെറ കൂകൽ വഴിയാ-
  യല്ലീ പ്രഭാതാഗമം?'
'പെട്ടെന്നൂളാം മമ നീളുമീ രജനിയിൽ-
  ത്താൻ മൃത്യു'-'പാപം ശമി-
ക്കട്ടേ!!' 'കാന്തനൊടോതുകാളി കഥ മേ'
  'നീ ചൊൽകി,താ വല്ലഭൻ!' 99

---

ഉപവനത്തിൽ കേളീലാലസന്മാരായ ദമ്പതികളെ കവി കാണുന്നു—

മാന്താരിൻ മണമാന്ന തെന്നലിളകും
  വാസന്തരാവിൽ,ഗൃഹ-
പ്രാന്താരാമതലേ, നിലാവിൽ മുഴുകും
  വെൺതിണ്ണമേൽ വാണി, താ!
താൻ താനങ്കതടേ കിടത്തിയ നെടും-
  കാർവേണിതൻ വേപ്പണി-

---

99. 'വിരഹതാപത്താൽ ഉറക്കം വരാതെ കഷ്ടപ്പെടുന്ന നീ, വല്ല വിധത്തിലും കോഴി കൂകിയാൽ മതിയായിരുന്നു' എന്നു പറയാറുണ്ടല്ലോ; എന്നാൽ, ഇന്ന് അത്രവേഗത്തിൽ കോഴി കൂകുകയല്ല (നേരം വെളിച്ചമാവുകയല്ല) വേണ്ടതെന്നു വെച്ചാണ് ഞാൻ കളിപ്പൂങ്കോഴിയുടെ വായ് അടച്ചിട്ടത്" എന്നു സഖീഹൃദയം.

ത്താന്താംശങ്ങൾ തലോടിടുന്നു കൃതിയാം
കാന്തൻ കരത്താരിനാൽ. 100

---

കാമുകന്റെ കത്തു കിട്ടിയതു കാണിച്ചുകൊടുത്ത നായികയോടു സഖി സസന്തോഷം അഭിപ്രായപ്പെടുന്നു—

വാരഞ്ചും പ്രണയാംബുധിച്ചുഴിയിൽനി-
ന്നൌത്സുക്യമാം മുക്കുവൻ
പാരം മുങ്ങിയെടുത്തു നൽകിയവയും,
ജാത്യാ മഹാർഘങ്ങളും,
മാരൻ ശില്പിവരൻ കടഞ്ഞവയുമാം
രത്നങ്ങൾ താനക്ഷരാ-
കാരം പൂണ്ടു ലസിപ്പൂ, ഭാഗ്യവതി! തൽ-
സ്സംഭാവനക്കത്തിതിൽ. 101

---

താൻ പല കുറി പ്രിയാസമാഗമസുഖം അനുഭവിച്ചിട്ടുള്ള സങ്കേതസ്ഥലം കണ്ടിട്ടു സഹർഷനായ കാമുകൻ മനസ്സുകൊണ്ടു •സ്തുതി• ചെയ്യുന്നു—

ധാരാളം വിജയിക്കൂ, തൂമലർമണം
തൂകും പ്രിയോദ്യാനമേ!
കൂരാഹ്ലാദികപോതപോതരണിതം
ചിന്നും ലതാകുഞ്ജമേ!
നീരാട്ടും കുളിർകാററിലാമ്പലിളകി-
ത്തത്തും സരസ്സേ! ഭവാ-
ന്മാരാണെന്നുമെനിക്കു വാഞ്ഛിതവരം
നൽകുന്ന മുമ്മൂർത്തികൾ! 102

---

ശുഭം.